# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 219 10.10.2011-ൽ മറുപടിയ്ക്ക്

## ജലസ്രോതസ്സുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. എം ചന്ദ്രൻ<br>ശ്രീ. കെ.ദാസൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി, പ്രധാന ജലസ്രോതസ്സുകളിൽ തടയണ നിർമ്മാണം, പ്രധാന ജലപ്രവാഹങ്ങളിൽ ഓരുവെള്ളം കയറാതെ സംരക്ഷിക്കുന്നതിനായി സ്ഥിരം ബണ്ടുകളുടെയും താല്ക്കാലിക ബണ്ടുകളുടെയും നിർമ്മാണം, നദികളിലെയും ഉറവകളിലെയും ജലം സംരക്ഷിക്കുന്നതിന്റെ ഭാഗമായി വ്യവസായശാലകളിലെ മാലിന്യം ജലസ്രോതസ്സുകളിലേയ്ക്ക് പുറന്തള്ളുന്നതിലുള്ള നിയന്ത്രണം എന്നിവയാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) ജലാശയങ്ങൾ സംരക്ഷിക്കപ്പെടാത്തതു കാരണം ജലദൗർലഭ്യം നേരിടാത്ത പ്രദേശങ്ങളിലടക്കം വരൾച്ച അനുഭവിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) വയൽ നികത്തുന്നതു പോലുള്ള പ്രശ്നങ്ങൾ ജലദൗർലഭ്യത്തിനും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) എങ്കിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ? | (ഡി) 2003 ലെ സംസ്ഥാന ജലസേചന ജലസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തി നദികളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി നിയമനിർമ്മാണ ത്തിലൂടെ ' സ്റ്റേറ്റ് റിവർ ആന്റ് വെറ്റ്ലാന്റ് അതോറിറ്റി ' രൂപീകരിക്കുവാൻ ഉദ്ദേശി ക്കുന്നുണ്ട്. തണ്ണീർതടങ്ങളുടെയും ജലസ്രോതസ്സുകളുടേയും സംരക്ഷണ ത്തിനായി ജലവിനിയോഗത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടു ത്തുവാനും, തണ്ണീർത്തടങ്ങളുടെ വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുവാനും ജലസ്രോതസ്സുകൾക്ക് നാശം വരുത്തിയുള്ള വിവിധ ചൂഷണങ്ങൾ തടയുവാനും ഇതുമൂലം സാധ്യമാകും |

സെക്ഷൻ ഓഫീസർ